# പതിമൂന്നാം കേരള നിയമസഭ

## രണ്ടാംസമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 413*** 18.10.2011 ൽ മറുപടിക്ക്

**<u>നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ട്</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. സി.മമ്മൂട്ടി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) നിയോജക മണ്ഡലാടിസ്ഥാനത്തിൽ പൊതുമരാമത്ത് സെക്ഷൻ ഓഫീസുകൾ പുന:ക്രമീകരണം നടത്തുന്നത് സംബന്ധിച്ച് നാറ്റ്പാക് പഠനം നടത്തിയിട്ടുണ്ടോ ; | (എ) ഇക്കാര്യത്തിൽ നാറ്റ്പാക്കിന്റെ പഠനം നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) ഇത് സംബന്ധിച്ച് നാറ്റ്പാക്കിന്റെ പ്രധാന പഠന വിഷയങ്ങൾ എന്തെല്ലാമായിരുന്നു; | (ബി) ജ്യോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്) സോഫ്റ്റ് വെയറിന്റെ സഹായത്തോടെ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ അധികാരപരിധിയിൽ വരുന്ന സെക്ഷൻ ഓഫീസുകൾ, നിയോജക മണ്ഡലാടിസ്ഥാനത്തിൽ പുനർ നിർണ്ണയിക്കുക എന്നതാണ് പഠന വിഷയം. അതിലേക്കായി ജി.ഐ.എസ് റോഡ് മാപ്പിൽ സെക്ഷൻതല റോഡ് വിവരങ്ങൾ, പി.ഡബ്ല്യുഡി റോഡുകളുടെ നീളം, വീതി, ഉപരിതല വിവരങ്ങൾ, നിയോജക മണ്ഡലങ്ങളുടെ അതിർത്തി മുതലായ വിവരങ്ങൾ നാറ്റ്പാക്ക് ശേഖരിച്ചിട്ടുണ്ട്. |
| (സി) പഠനം നടത്തി നാറ്റ്പാക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | സി) ഇല്ല. പഠനം നടത്തിയ ശേഷമുള്ള നാറ്റ്പാക്ക് റിപ്പോർട്ട് ഒക്ടോബർ മാസം അവസാനത്തോടുകൂടി സർക്കാരിന് ലഭിക്കു-മെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം അനന്തരനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | (ഡി) റിപ്പോർട്ട് കിട്ടിയാൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ സെക്ഷൻ ഓഫീസുകൾ പുന:ക്രമീകരണം നടത്തുന്ന കാര്യം പരിഗണിക്കും. |

സെക്ഷൻ ഓഫീസർ